**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 200** **07-10-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് താലൂക്ക് ആശുപത്രിയിലെ നിയമനവും ട്രോമ കെയർ യൂണിറ്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തനമാരംഭിക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) | 2024 ജൂലൈ ആദ്യവാരം മുതൽ തന്നെ ഗൈനക്കോളജി വിഭാഗത്തിന്റെ ഒ.പി. പുതുക്കാട് താലൂക്ക് ആശുപത്രിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഗൈനക്ക് സംബന്ധമായ മൈനർ പ്രൊസീജിയേഴ്സും എൻ.എസ്.വി. തുടങ്ങിയ ഫാമിലി പ്ലാനിംഗ് സേവനങ്ങളും ഇവിടെ പൊതുജനങ്ങൾക്കായി നൽകി വരുന്നു. നിലവിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഇല്ലെങ്കിൽ പോലും 24 മണിക്കൂർ അത്യാഹിത വിഭാഗത്തിന്റെ സർവ്വീസും നൽകി വരുന്നുണ്ട്. ആർദ്രം പദ്ധതി പ്രകാരം പുതുക്കാട് താലൂക്ക് ആശുപത്രിയിൽ 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം (എം1/104/2021/ആകുവ നമ്പർ) ഫയലിൽ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ഗൈനക്കോളജി ഡോക്ടർ, അറ്റൻഡന്റ് ഗ്രേഡ് 2, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ നിലവിൽ ഉണ്ടായിരുന്ന ഒഴിവിൽ 28.09.2024-ലെ ഇ.ബി.3-21741/2024/ആവഡ നടപടിക്രമ പ്രകാരം മെഡിക്കൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് കൂടിക്കാഴ്ച നടത്തിയ ശേഷം നിയമനം നടത്തുന്നതാണ്. |
| (സി) | ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്ന പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ